
# അതിജീവനം

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
## ജി എച്ച് എസ് എസ് ചെറുതുരുത്തി

# 2019-2020





## ഉള്ളടക്കം

അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക്........3
സന്ദേശം........4
സ്പിൻട്രോണിക്സ്........5
കാർബൺ വിവിധ രൂപാന്തരങ്ങൾ........7
വജ്രം........7
ഗ്രാഫൈറ്റ്........8
ഫുള്ളറീൻ........9
ഗ്രാഫീൻ........10
കവിതകൾ........11
മഴവണ്ടി........11
എന്റെ പൂന്തോട്ടം........12
സ്വാതന്ത്ര്യം........13
ടെലിവിഷൻ........14
തുടിതാളം തേടി........15
മികവ്........16
ജലസംരക്ഷണയജ്ഞത്തിൽ മികവ് തെളിയിച്ചവർ........16
വൈഗയിലെ കാഴ്ചകൾ........17
കാട് തേടിയുള്ള യാത്ര........18
പാഠത്തിൽനിന്ന പാടത്തേക്ക്........19
കൃതജ്ഞത........20

# അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക്




# സന്ദേശം

വിവരവിനിമയമേഖലയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്താൻ ഈ മാഗസിൻ നിർമ്മാണം നിങ്ങൾക്ക് ഉപകരിക്കട്ടെ

ഹെഡ് മിസ്ട്രസ്സ്
ഷൈനി ജോസഫ്

# സ്പിൻട്രോണിക്സ്

ഇലക്ട്രോണിന്റെ ചാർജ് പോലെ തന്നെ അടിസ്ഥാന ഗുണങ്ങളിലൊന്നായ 'സ്പിൻ', വിവരസാങ്കേതിക വിദ്യയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുന്ന കാലം വിദൂരമല്ല. ഇലക്ട്രോണിക്സ് സാങ്കേതികവിദ്യ പ്രവർത്തിക്കുന്നത് ഇലക്ട്രോണിന്റെ ചാർജ് അടിസ്ഥാനപ്പെടുത്തിയാണെങ്കിൽ സ്പിൻ ട്രാൻസ്പോർട് ഇലക്ട്രോണിക്സ് അഥവാ സ്പിൻട്രോണിക്സ് അതിന്റെ സ്പിൻ കൂടെ ഉപയോഗപ്പെടുത്തുന്നു. ഒന്നിൽ കൂടുതൽ പാരാമീറ്റർ വ്യത്യാസപ്പെടുത്തി ഉപകരണങ്ങളുടെ പ്രവർത്തനത്തെ നിയന്ത്രിക്കാൻ സാധിക്കും എന്നതുകൊണ്ട് തന്നെ, സ്പിൻട്രോണിക്സ് തുറന്നിടുന്നത് അനന്തസാധ്യതകളാണ്.





ഇലക്ട്രോണിന്റെ ചാർജ്ജും സ്പിന്നും ഇതെങ്ങനെ സാധ്യമാകുന്നു എന്ന് നോക്കാം. ഇലക്ട്രോണിക്സിൽ വിവരങ്ങൾ ശേഖരിച്ചുവയ്ക്കാൻ വൈദ്യുതി പ്രവഹിക്കുമ്പോൾ


ഒന്ന്(high) അല്ലെങ്കിൽ പൂജ്യം(low) എന്ന രണ്ട് അവസ്ഥകളെ(logical states) ഉപയോഗിക്കുന്നു. ഇതുപോലെ ഇലക്ട്രോണുകളുടെ സ്പിന്നിനും മുകളിലേക്ക്(UP) അല്ലെങ്കിൽ താഴേക്ക് (DOWN) എന്നീ രണ്ടവസ്ഥകളിൽ  സ്ഥിതിചെയ്യാൻ കഴിയുമെന്നിരിക്കെ ഓൺ അല്ലെങ്കിൽ ഓഫ് ബൈനറി അവസ്ഥകൾക്ക് പുറമെ മറ്റ് രണ്ട് പാരാമീറ്റർ കൂടി ലഭ്യമാകുന്നു. അതായത് വിവരങ്ങൾ ശേഖരിച്ച് വയ്ക്കാൻ ഉപയോഗിക്കുന്ന ബിറ്റുകളിൽ ഡൗൺലോ, അപ്പ് ലോ, ഡൗൺ ഹൈ, അപ്പ് ഹൈ എന്നീ നാലവസ്ഥകൾ കൂടി ലഭ്യമാകുന്നു. ഈ നാല് അവസ്ഥകളെ ക്വാണ്ടം ബിറ്റുകൾ അഥവാ ക്യുബിറ്റുകൾ എന്ന് വിളിക്കാം

## കാർബൺ വിവിധ രൂപാന്തരങ്ങൾ


# വജ്രം




# ഗ്രാഫൈറ്റ്



## ഫുള്ളറീൻ



# ഗ്രാഫീൻ



# *കവിതകൾ*

## മഴവണ്ടി

വറചട്ടിയിൽ മുട്ടിയ ശബ്ദം
ഉടൽ കോൾമയിർ കൊള്ളിച്ചേ,
ഉരുൾ വണ്ടിയിൽ ഉലയും തള്ളി
മഴ താണ്ടി വരുന്നുണ്ടേ.

മഴയത്ത് പുതപ്പും മൂടി
പടുവാക്കുകൾ നെയ്യണപെണ്ണേ
വറചട്ടിയിൽ മൂക്കണ സ്വപ്നം
കരിയാതെ പകുക്കേണ്ടേ?

ഇരുൾ വണ്ടിയിൽ ഉലകം തള്ളി
മഴചാറി വരുന്നുണ്ടേ,
ഉടൽ വണ്ടിയിൽ സ്വപ്നം കേറ്റി
പെണ്ണൊരുവൾ പായുന്നേ.

ഉലകത്തിൽ ഉണ്മയിലൂടെ
ഉടൽ താണ്ടണ്ടി വരുന്നവളേ
മുജ്ജന്മ പെരുവഴിയെങ്ങാൻ
ഈ മഴയെ കണ്ടോ നീ?
മഴമുകിലെ കണ്ടോ നീ
മഴയത്ത് കുളിച്ചോ നീ

മഴയെത്ര പെയ്താലും
നീയിവിടെ കഥയാടും
കഥയെത്ര കഴിഞ്ഞാലും
മഴ മറയാതുലകണയും.

## എൻെറ പൂന്തോട്ടം

മുറ്റത്തെനിക്കോരു പൂന്തോട്ടം

പൂന്തോട്ടത്തിൽ പൂക്കൂട്ടം

ചെത്തി, ചെമ്പകം, ചേമന്തി,

പിച്ചി, മുക്കുറ്റി, ചെണ്ടുമല്ലി

മന്ദാരത്തിന്ന മന്ദഹാസം

കാശിത്തുമ്പയ്ക്കു കളിയാട്ടം

മുല്ലപ്പൂ പൊട്ടിച്ചിരിക്കുന്നു

പനിനീർ മാടിവിളിക്കുന്നു

പത്തുമണിപ്പൂ വിരിയുന്നു

നാലുമണിപ്പൂവുറങ്ങുന്നു

എന്തൊരു നാണം തുളസിപ്പൂ

എന്തൊരു ചന്തം പൂന്തോട്ടം

## സ്വാതന്ത്ര്യം

സ്വാതന്ത്ര്യത്തിൻ വീരചരിത്രം
ഓർമയിൽ നിറയട്ടെ
ധീരഭടന്മാർ നടന്ന പാതകൾ
മനസ്സിൽ തെളിയട്ടെ
ഗോഖലെ, തിലകൻ, നെഹ്റു, ഗാന്ധി
ഉണർന്നു പൊങ്ങട്ടെ
സ്വാതന്ത്ര്യത്തിൻ മൂവർണക്കൊടി
ഉയർന്നു പാറട്ടെ
സ്വാതന്ത്ര്യത്തിനു ജീവൻ നൽകി
കടന്നുപോയവരേ,
നിങ്ങൾ നൽകിയ സ്വാതന്ത്ര്യത്തെ
പരിരക്ഷിച്ചീടാൻ
സ്വാതന്ത്ര്യത്തിൻ പുലരി നമുക്ക്
ഊർജ്ജം പകരുന്നു
നമ്മുടെ നാടിൻ സ്വാതന്ത്ര്യത്തെ
കവർന്നെടുത്തീടാൻ
വേഷം മാറി വരുന്നവരെ
തിരിച്ചറിയുക നാം
ആവേശത്തിൻ അലകളിളക്കും
സ്വാതന്ത്ര്യപ്പുലരി
നമുക്കു ശക്തിപകർന്നുനൽകും
സ്വാതന്ത്ര്യപ്പുലരി.

## ടെലിവിഷൻ

കാണും കാഴ്ചകൾ കാണിക്കും

കേൾക്കും വാർത്തകൾ കേൾപ്പിക്കും

കാണികൾ മുഴുവൻ നേർമുന്നിൽ

പാവകൾ പോലെ നിരന്നീടും

നീണ്ടുപരന്നൊരു ലോകത്തിൽ

എവിടെ എന്തു നടന്നാലും

അതുപോലുടനെ കാണിക്കാൻ

നിന്നെപ്പോലാരുണ്ടിവിടെ

പാട്ടും കളിയും സിനിമകളും

അറിവിന്നുറവകൾ പലവിധവും

വീട്ടിനകത്തെ മുറിക്കുള്ളിൽ

കേൾക്കാൻ കാണാനെന്തു രസം.

## തുടിതാളം തേടി.........

നമ്മുടെ മാതാവു-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

പണ്ടത്തെപ്പാട്ടുകൾ(വള്ളത്തോൾ)

# മികവ്



## ജലസംരക്ഷണയജ്ഞത്തിൽ മികവ് തെളിയിച്ചവർ






# വൈഗയിലെ കാഴ്ചകൾ








# കാട് തേടിയുള്ള യാത്ര






# പാഠത്തിൽനിന്നു പാടത്തേക്ക്...



## *കൃതജ്ഞത*

മാഗസിൻ നിർമ്മാണത്തിൽ
സഹകരിച്ചഎല്ലാവർക്കുംഅകൈതവമായ
കൃതജ്ഞത രേഖപ്പെടുത്തുന്നു

എഡിറ്റർ

അക്ഷയ്.കെ.വി.